2252
9/2/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ് - പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറും ഡയറക്ടർ ബോർഡിൽ അംഗവുമായ ശ്രീ.ബി.പ്രമോദ്-ന്റെ സേവന കാലാവധി 6.11.2020 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി പുനർനിയമന വ്യവസ്ഥയിൽ ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (പി.യു) വകുപ്പ്

സ.ഉ.(കൈ) നം.17/2021/കൃഷി തീയതി,തിരുവനന്തപുരം, 04/02/2021

പരാമർശം: 1) 2.11.2019 ലെ സ.ഉ(കൈ)നം.125/2019/കൃഷി.

2) 17.9.2020 ലെ പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ P&A/F/18/43 നമ്പർ കത്ത്.

## ഉത്തരവ്

കൃഷി വകുപ്പിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ച ശ്രീ ബി.പ്രമോദിനെ പരാമർശം (1) പ്രകാരം പ്ലാന്റേഷൻ കോർപ്പറേഷൻ ഡയറക്ടർ ബോർഡിൽ അംഗമായും മാനേജിങ് ഡയറക്ടറായും കെ.എസ്.ആർ ഭാഗം 3 ചട്ടം 100 പ്രകാരം സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് പുനർ നിയമനം വഴി ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവായിരുന്നു. 6.11.2019ൽ ടിയാൻ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായി ചുമതല ഏറ്റെടുത്തിരുന്നു. പ്ലാന്റേഷൻ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടറായുള്ള ശ്രീ. ബി. പ്രമോദിന്റെ സേവന കാലാവധി 05.11.2020-ന് അവസാനിക്കുന്നതിനാലും കോർപ്പറേഷനിലെ ടിയാന്റെ സേവനം തൃപ്തികരമായതിനാലും ടിയാന്റെ സേവന കാലാവധി 06.11.2020 മുതൽ ദീർഘിപ്പിച്ച് നൽകണമെന്ന് 21.8.2020 ലെ 459/3-ാം നമ്പർ ഡയറക്ടർ ബോർഡ് തീരുമാനമനുസരിച്ച് പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്ലാന്റേഷൻ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടറായും ഡയറക്ടർ ബോർഡ് അംഗമായുമുള്ള ശ്രീ.ബി.പ്രമോദ്- ന്റെ സേവന കാലാവധി 05.11.2020-ന് അവസാനിച്ചതിന് ശേഷവും പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി തുടർന്ന് വരുന്നതിനാലും, കോർപ്പറേഷന്റെ ഭരണപരവും ധനപരവുമായ അധികാരങ്ങൾ ഇക്കാലയളവിൽ വിനിയോഗിച്ചിരുന്നതിനാലും, ടിയാൻ മാനേജിംഗ് ഡയറക്ടറുടെ ചുമതലയിൽ തുടർന്ന നടപടി സാധൂകരിച്ചും, ടിയാന്റെ പ്ലാന്റേഷൻ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടറായും ഡയറക്ടർ ബോർഡ് അംഗമായുമുള്ള സേവന കാലാവധി 06.11.2020 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി പുനർനിയമന വ്യവസ്ഥയിൽ ദീർഘിപ്പിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്**
**സെക്രട്ടറി**

ശ്രീ.ബി.പ്രമോദ്, മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം
പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിലെ എല്ലാ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
ധനകാര്യ വകുപ്പ് (PU-B1/80/2020-Fin dated 7.1.2021)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (PLGEA-BPE3/129/2020-PLGEA dated 6.10.2020)
പൊതുഭരണ (എസ്.സി) വകുപ്പ് വകുപ്പ് (3.2.2021 ലെ ഇനം നം.4586 )
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.
കാർഷികോത്പാദന കമ്മീഷണറുടെ പി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-02-2021

ഫയൽ നം. AGRI-PU1/90/2019-AGRI.  ഇനം നം: 4586

വിഷയം : കൃഷി വകുപ്പ് - പ്ലാന്റേഷൻ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടറായുള്ള ശ്രീ. പ്രമോദ് ബി-യുടെ സേവന കാലാവധി 05.11.2020-ന് അവസാനിച്ച സാഹചര്യത്തിൽ 05.11.2020-നു ശേഷവും ടിയാൻ പ്ലാന്റേഷൻ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി തുടർന്ന നടപടി സാധൂകരിക്കുന്നതും ടിയാന്റെ സേവന കാലാവധി 06.11.2020 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

4586

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | നമ്പർ. AGRI -PU1/ 90/ 2019- AGRI |
| 2 | വകുപ്പ് | കൃഷി (പി.യു.) വകുപ്പ് |
| 3 | വിഷയം | പ്ലാന്റേഷൻ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടറായുള്ള ശ്രീ.പ്രമോദ് ബി.യുടെ സേവന കാലാവധി 05.11.2020-ന് അവസാനിച്ച സാഹചര്യത്തിൽ 05.11.2020 ന ശേഷവും ടിയാൻ പ്ലാന്റേഷൻ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി തുടർന്ന നടപടി സാധൂകരിക്കുന്നതും ടിയാന്റെ സേവന കാലാവധി 06.11.2020 മുതൽ ഒരു വർഷത്തേയ്ക്ക കൂടി ദീർഘിപ്പിക്കുന്നതും - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 25.01.2021 |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. (ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, വിജിലൻസ് വകുപ്പ്)<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ബോബി ആന്റണി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ഇഷിതാ റോയ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 30.1.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 2.2.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | അഡ്വ. വി.എസ്. സുനിൽകുമാർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 2.2.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 2.2.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗവും മാനേജിംഗ് ഡയറക്ടറുമായ ശ്രീ.ബി.പ്രമോദിന്റെ സേവന കാലാവധി 05.11.2020-ന് അവസാനിച്ച സാഹചര്യത്തിൽ 05.11.2020 ന് ശേഷവും ടിയാൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗവും മാനേജിംഗ് ഡയറക്ടറുമായി തുടർന്ന നടപടി സാധൂകരിച്ചും 06.11.2020 മുതൽ ടിയാന്റെ സേവനം പുനഃനിയമനവ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചും നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കൃഷി വകുപ്പിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ച ശ്രീ ബി.പ്രമോദിനെ 2.11.2019 ലെ സ.ഉ.(കൈ) 125/2019/കൃഷി പ്രകാരം പ്ലാന്റേഷൻ കോർപ്പറേഷൻ ഡയറക്ടർ ബോർഡിൽ അംഗമായും മാനേജിങ് ഡയറക്ടറായും കെ.എസ്.ആർ ഭാഗം 3 ചട്ടം 100 പ്രകാരം സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് പുനർ നിയമനം വഴി ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവായിരുന്നു. 6.11.2019 ൽ ടിയാൻ പി.സി.കെ.എൽ എം.ഡി.യായി ചാർജ്ജ് എടുക്കുകയും ചെയ്തിരുന്നു. പ്ലാന്റേഷൻ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടറായുള്ള ശ്രീ. ബി. പ്രമോദിന്റെ സേവന കാലാവധി 05.11.2020-ന് അവസാനിക്കുന്നതിനാലും കോർപ്പറേഷനിലെ ടിയാന്റെ സേവനം തൃപ്തികരമായതിനാലും ടിയാന്റെ സേവന കാലാവധി 06.11.2020 മുതൽ ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. ടി വിഷയം 21.8.2020 ലെ ഡയറക്ടർ ബോർഡ് 459/3-ാം നം. ഇനമായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. ശ്രീ ബി പ്രമോദിന്റെ പ്ലാന്റേഷൻ കോർപ്പറേഷനിലെ മാനേജിങ് ഡയറക്ടറായുള്ള നിയമന കാലാവധി നീട്ടി നൽകുന്നതിനുള്ള പ്രൊപ്പോസലിന്മേൽ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ആ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു :

*"KPESB മുഖേനയല്ല ശ്രീ. പ്രമോദിനെ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറായി പുനർ നിയമന വ്യവസ്ഥ പ്രകാരം നിയമിച്ചിരുന്നത്. KPESB മുഖേനയല്ലാത്ത നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പ്രസ്തുത ബോർഡിന്റെ പരിധിയിൽ വരുന്നില്ല. അദ്ദേഹത്തിന്റെ പുനർ നിയമനവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഭരണ വകുപ്പിന് തന്നെ തീരുമാനം കൈക്കൊള്ളാവുന്നതാണ്."*

4. പ്രസ്തുത വിഷയത്തിൽ വിജിലൻസ് വകുപ്പിന്റെ അഭിപ്രായം താഴെപ്പറയും പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്

*" കേരള പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ.പ്രമോദ്.ബി-യ്ക്ക് എതിരെ വിജിലൻസ് കേസോ വിജിലൻസ് അന്വേഷണമോ നിലവിലില്ലായെന്ന വിവരം അറിയിക്കുന്നു. കൂടാതെ തനിക്കെതിരെ ക്രിമിനൽ കേസ് നിലവിലില്ലായെന്നുള്ള സത്യ പ്രസ്താവന കൂടി ശ്രീ.പ്രമോദ്.ബി-യിൽ നിന്നും വാങ്ങി തുടർ നടപടി സ്വീകരിക്കുവാനും താൽപര്യപ്പെടുന്നു. "*

തനിക്കെതിരെ ക്രിമിനൽ കേസുകളോ അച്ചടക്കനടപടികളോ നിലവിലില്ലായെന്നുള്ള സത്യപ്രസ്താവന ശ്രീ.പ്രമോദ്.ബി. ലഭ്യമാക്കിയിട്ടുണ്ട്.

5.പ്ലാന്റേഷൻ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറുടെ സേവന കാലാവധി 6.11.2020 മുതൽ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ 17.09.2020 ന് സർക്കാരിൽ ലഭിച്ചിരുന്നുവെങ്കിലും ആയതിന്മേൽ ധനകാര്യ, വിജിലൻസ് വകുപ്പുകളുടെ അഭിപ്രായം ലഭ്യമാകാൻ കാലതാമസം നേരിട്ടിരുന്നു. ഈ സാഹചര്യത്തിൽ നിലവിലെ മാനേജിംഗ് ഡയറക്ടർ ശ്രീ. പ്രമോദിന്റെ കാലാവധി 05.11.2020 ൽ അവസാനിക്കുന്നതിനാലും സർക്കാരിന്റെ അവസാന കാലത്ത് ഇനി എല്ലാ നടപടി ക്രമങ്ങളും പാലിച്ച് പുതിയ മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നത് പ്രായോഗികമല്ലാത്തതിനാലും നിലവിലെ മാനേജിംഗ് ഡയറക്ടർ ശ്രീ. പ്രമോദിന് 05.11.2020 ന് ശേഷവും തുടരാൻ അനുമതി നൽകുവാനും പ്രസ്തുത നടപടി മന്ത്രിസഭാ യോഗത്തിന്റെ അനുമതിയ്ക്ക് വിധേയമായി സാധൂകരിച്ച് നൽകുവാനും ബഹു മുഖ്യമന്ത്രി ഉത്തരവായിരുന്നു.

6. ശ്രീ.പ്രമോദ് ബി.യുടെ സേവന കാലാവധി ദീർഘിപ്പിച്ചു നൽകുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആ വകുപ്പ് ഇപ്രകാരം അഭിപ്രായം അറിയിച്ചിട്ടുണ്ട്.

"*മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. പ്രൊമോദിന്റെ സേവന കാലാവധി 6.11.2020 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നൽകുവാൻ ധനവകുപ്പ് അനുമതി നല്കുന്നു.*

*ഈ തീരുമാനത്തിന് ബഹു ധനവകുപ്പു മന്ത്രിയുടെ അംഗീകാരമുണ്ട്*"

7. മേൽ വിവരിച്ച സാഹചര്യത്തിൽ, ആസൂത്രണ സാമ്പത്തിക കാര്യ / ധനകാര്യ / വിജിലൻസ് വകുപ്പുകളുടെ അഭിപ്രായം കണക്കിലെടുത്തും ശ്രീ.പ്രമോദ് ബി.യുടെ പ്ലാന്റേഷൻ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടറായുള്ള സേവന കാലാവധി 05.11.2020-ന് അവസാനിച്ചതിനാലും ഈ വിഷയം മന്ത്രിസഭാ യോഗത്തിനു മുമ്പാകെ സമർപ്പിക്കുന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്കു ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## <u>തീരുമാനിക്കേണ്ട വിഷയം</u>

ശ്രീ.പ്രമോദ് ബി.യുടെ പ്ലാന്റേഷൻ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടറായും ഡയറക്ടർ ബോർഡിൽ അംഗമായുമുള്ള സേവന കാലാവധി അവസാനിച്ച 05.11.2020-നു ശേഷവും ടിയാൻ പ്ലാന്റേഷൻ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി തുടർന്നു വന്നതിനാലും കോർപ്പറേഷന്റെ ഭരണപരവും ധനപരവുമായ അധികാരങ്ങൾ ഇക്കാലയളവിൽ വിനിയോഗിച്ചു വന്നതിനാലും ടിയാൻ മാനേജിംഗ് ഡയറക്ടറുടെ ചുമതലയിൽ തുടർന്ന നടപടി സാധൂകരിച്ചും, ടിയാന്റെ പ്ലാന്റേഷൻ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടറായും ഡയറക്ടർ ബോർഡിൽ അംഗമായുമുള്ള സേവന കാലാവധി 06.11.2020 മുതൽ ഒരു വർഷത്തേയ്ക്കു കൂടി പുനർനിയമന വ്യവസ്ഥയിൽ ദീർഘിപ്പിച്ചും നൽകാമോ ?